"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- ''സിറ്റ്യുവേഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള'' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഡെമോഗ്രാഫി വിഭാഗത്തിന്റെ സഹകരണത്തോടെ പഠനം നടത്തുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവ് പുതുക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.498/2025/WCDD തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.111/2025/ഡബ്ള്യുസിഡി തീയതി. 18/03/2025.

2. വനിതശിശു വികസന ഡയറക്ടറുടെ 30.04.2025, 21.07.2025-ലെ DWCD/7202/2023-WEC5 നം. കത്ത്.

**ഉത്തരവ്**

''സിറ്റ്യുവേഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള'' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഡെമോഗ്രാഫി വിഭാഗത്തിന്റെ സഹകരണത്തോടെ പഠനം നടത്തുന്നതിന് 2022-23 സാമ്പത്തിക വർഷം പുറപ്പെടുവിച്ച ഉത്തരവ് റീവാലിഡേറ്റ് ചെയ്തും, ടി ആവശ്യത്തിനു ഇനി കേരള യൂണിവേഴ്സിറ്റിയ്ക്ക് നൽകാനുള്ള 16,24,860/-രൂപ 2024-25 സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം തുക വിനിയോഗിക്കുന്നതിന് വനിതശിശു വികസന ഡയറക്ടർ അനുമതി നല്കിയിരുന്നുവെങ്കിലും ബന്ധപ്പെട്ട ശീർഷകത്തിലെ തുക സീലിംഗ് കാരണവും, ആയത് enhance ചെയ്ത് ലഭിയ്ക്കാത്തതിനാലും മേൽ തുക 2024-25 വർഷം വിനിയോഗിക്കാൻ സാധിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ ''സിറ്റ്യുവേഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള'' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഡെമോഗ്രാഫി വിഭാഗം സഹകരണത്തോടെ പഠനം നടത്തുന്നതിന് 2022-23 സാമ്പത്തിക വർഷം പുറപ്പെടുവിച്ച ഉത്തരവ് റീവാലിഡ്റ്റ് ചെയ്തും, ടി ആവശ്യത്തിനു ഇനി കേരള യൂണിവേഴ്സിറ്റിയ്ക്ക് നൽകാനുള്ള 16,24,860/-രൂപ 2025-26

സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകണമെന്നും ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ''സിറ്റ്യുവേഷണൽ അനാലിസിസ് ഓഫ് വിമൺ ഇൻ കേരള'' എന്ന വിഷയം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഡെമോഗ്രാഫി വിഭാഗം സഹകരണത്തോടെ പഠനം നടത്തുന്നതിന് 2022-23 സാമ്പത്തിക വർഷം പുറപ്പെടുവിച്ച ഉത്തരവ് റീവാലിഡേറ്റ് ചെയ്തും, ടി ആവശ്യത്തിനു കേരള യൂണിവേഴ്സിറ്റിയ്ക്ക് നൽകാനുള്ള 16,24,860/-(പതിനാറ് ലക്ഷത്തി ഇരുപത്തിനാലായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) രൂപ 2025-56 സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 27-12-2025 11:01:58